<u>**15 -ാം കേരള നിയമസഭ**</u>

<u>**10 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3565**</u> <u>**15-02-2024 - ൽ മറുപടിയ്ക്ക്**</u>

<u>**മാവൂർ-എൻ.ഐ.ടി-കൊടുവള്ളി റോഡിന്റെ സർവേ നടപടികൾ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | മാവൂർ-എൻ.ഐ.ടി-കൊടുവള്ളി റോഡിന്റെ സർവേ നടപടികൾക്ക് റവന്യൂ വകുപ്പ് ചുമതലപ്പെടുത്തിയത് ഏത് ഓഫീസിനെയാണെന്ന് വ്യക്തമാക്കാമോ; | (എ) | മാവൂർ-എൻ.ഐ.ടി-കൊടുവള്ളി റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) KRDCL കോഴിക്കോടിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | ഈ പ്രവൃത്തിയുടെ സർവേ നടപടികൾ വൈകുന്നതായ പരാതി പരിഹരിക്കാൻ പ്രത്യേകമായി സർവേയറെ നിയോഗിച്ചുകൊണ്ട് തീരുമാനമെടുത്തിട്ടുണ്ടോ; സർവേയറെ ലഭ്യമാക്കിയിട്ടും സംയുക്ത പരിശോധന നീണ്ടുപോവുന്നതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | കൊയിലാണ്ടി (എൽ.എ.) എൻ.എച്ച് ഓഫീസിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്തു വന്ന ഒരു സർവ്വെയറെ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) KRDCL കോഴിക്കോട് ഓഫീസിലേക്ക് 01/01/2024 ന് നിയമിച്ച് ഉത്തരവായിരുന്നുവെങ്കിലും കൊയിലാണ്ടി ഓഫീസിലെ ജോലികൾ പൂർത്തിയാക്കുവാൻ ബാക്കിയുണ്ടായ സാഹചര്യത്തിൽ സർവ്വെയറെ വിടുതൽ ചെയ്തിരുന്നില്ല. എന്നാൽ മാവൂർ-എൻ.ഐ.ടി-കൊടുവള്ളി റോഡിന്റെ സർവ്വെ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കാനുള്ള സാഹചര്യത്തിൽ ടി സർവ്വെയറെ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) KRDCL കോഴിക്കോട് കാര്യാലയത്തിലേക്ക് വിടുതൽ ചെയ്തിട്ടുള്ളതും മാവൂർ-എൻ.ഐ.ടി-കൊടുവള്ളി റോഡിന്റെ സർവ്വെ ജോലിക്കായി ടി കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യുന്നതിന് സർവ്വെയർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിന് സംയുക്ത പരിശോധന നടപടികൾ പൂർത്തിയാക്കേണ്ടതും സർവ്വെയറെ ലഭ്യമാക്കിയിട്ടുള്ള സാഹചര്യത്തിൽ ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. |
| (സി) | സ്ഥലമേറ്റെടുക്കൽ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (സി) | കൊയിലാണ്ടി (എൽ.എ.) എൻ.എച്ച് ഓഫീസിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്തു വന്ന ഒരു സർവ്വെയറെ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) KRDCL കോഴിക്കോട് ഓഫീസിലേക്ക് 01/01/2024 ന് നിയമിച്ച് ഉത്തരവായിരുന്നുവെങ്കിലും കൊയിലാണ്ടി ഓഫീസിലെ ജോലികൾ |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കുവാൻ ബാക്കിയുണ്ടായ സാഹചര്യത്തിൽ സർവ്വെയറെ വിട്ടുതൽ ചെയ്യിരുന്നില്ല. എന്നാൽ മാവൂർ-എൻ.ഐ.ടി-കൊടുവള്ളി റോഡിന്റെ സർവ്വെ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കാനുള്ള സാഹചര്യത്തിൽ ടി സർവ്വെയറെ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) KRDCL കോഴിക്കോട് കാര്യാലയത്തിലേക്ക് വിട്ടുതൽ ചെയ്യിട്ടുള്ളതും മാവൂർ-എൻ.ഐ.ടി-കൊടുവള്ളി റോഡിന്റെ സർവ്വെ ജോലിക്കായി ടി കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യുന്നതിന് സർവ്വെയർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിന് സംയുക്ത പരിശോധന നടപടികൾ പൂർത്തിയാക്കേണ്ടതും സർവ്വെയറെ ലഭ്യമാക്കിയിട്ടുള്ള സാഹചര്യത്തിൽ ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ